**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2727** | **24-02-2026 - ൽ മറുപടിയ്ക്ക്**

**കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ പുരോഗതി ലക്ഷ്യമാക്കി പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കുമോ; | (എ) | കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം പട്ടികജാതി വികസന വകുപ്പിൽ നടപ്പാക്കിയിട്ടില്ല.<br><br>പട്ടികവർഗ്ഗക്കാരുടെ വികസന വിടവ് നികത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് Special Central Assistance to Tribal Sub Scheme (SCA to TSS). പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന മേഖലകളിൽ സമഗ്രമായ വികസനം മുൻനിർത്തി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് (SCA to TSS) എന്ന പദ്ധതിയെ ഭേദഗതി വരുത്തി PMAAGY - വില്ലേജ് സമഗ്ര വികസന പദ്ധതിയായി (VDP) 2022-23 മുതൽ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേരളത്തിലെ വില്ലേജുകളിൽ ആകെ പട്ടികവർഗ്ഗ ജനസംഖ്യയുടെ 50% വരുന്ന വില്ലേജുകളെ തെരഞ്ഞെടുത്ത് ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതു പ്രകാരം സംസ്ഥാനത്ത് പാലക്കാട്, ഇടുക്കി, വയനാട് എന്നീ മൂന്ന് ജില്ലകളിലായി 6 വില്ലേജുകളെയാണ് പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത വിവരങ്ങൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിയോജക മണ്ഡലം അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള നിരീക്ഷണ സമിതികളെ ക്രിയാത്മകമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | പട്ടികജാതി ജനവിഭാഗങ്ങളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുവാൻ നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ ചെയർമാനായും പട്ടികജാതി വികസന ഓഫീസർ കൺവീനറായും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷൻമാർ/സെക്രട്ടറിമാർ, ഡിവിഷനുകളിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി |

പട്ടികവർഗ്ഗ അംഗങ്ങൾ, പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ തദ്ദേശസ്വയം ഭരണ എൻജിനീയറിംഗ് വിഭാഗം മേധാവികൾ എന്നിവർ അംഗങ്ങളായും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് 20/5/2022 തീയതിയിലെ സ.ഉ(കൈ) നം. 24/2022/SCSTDD പ്രകാരം ഉത്തരവായിട്ടുണ്ട്.

നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ സമയബന്ധിതമായി കൂടുന്നതിന് എല്ലാ ജില്ലകളിലേയും പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ നടത്തിപ്പിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്യുന്നു. മൂന്ന് മാസത്തിലൊരിക്കൽ നിയോജക മണ്ഡലങ്ങളിൽ യോഗം ചേർന്ന് വകുപ്പിന്റെയും ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുടെ വിവിധ പദ്ധതികൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് പദ്ധതികളുടെ പുരോഗതി വിശകലനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നല്കി വരുന്നു. ടി യോഗത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള അംഗങ്ങളെ കൂടാതെ പദ്ധതി പ്രദേശങ്ങളിലെ ജനപ്രതിനിധികൾ, അംബേദ്കർ ഗ്രാമം നിർവ്വഹണ ഏജൻസി പ്രതിനിധികൾ എന്നിവരെ കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തുന്നു.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ടുള്ള റോഡ്, പാലം, കമ്മ്യൂണിറ്റി ഹാൾ, മറ്റ് നിർമ്മാണ പ്രവർത്തികളുടെ പുരോഗതി, ബഹു. പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ മേൽനോട്ടത്തിൽ ജില്ലാ അടിസ്ഥാനത്തിലും മേഖലാ അടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും വിലയിരുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായുള്ളവ ഉൾപ്പടെ എല്ലാ പദ്ധതികളും സംസ്ഥാനതലത്തിൽ ബഹു. വകുപ്പ് മന്ത്രി, സെക്രട്ടറി, ഡയറക്ടർ തലങ്ങളിൽ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നുണ്ട്. കൂടാതെ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ, പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ സാന്നിധ്യത്തിൽ വിലയിരുത്തുന്നുണ്ട്. ഇത് കൂടാതെ ഓരോ ജില്ലയുടെയും പുരോഗതി ഡയറക്ടറേറ്റിലെ

| | | | |
|---|---|---|---|
| | | | നിയന്ത്രണ ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിൽ വിലയിരുത്തി വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും ടി വിഭാഗത്തിന്റെ വിവിധ സേവനങ്ങളെക്കുറിച്ചും പട്ടികവർഗ്ഗക്കാർക്കും, പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉണ്ടാകുന്ന വിവിധ സംശയങ്ങളും വിവരങ്ങളും വകുപ്പിൽ നിന്ന് അറിയിക്കുന്നതിനായി ഒരു ടോൾ ഫ്രീ നമ്പർ സേവനം പട്ടികവർഗ്ഗ വികസന വകുപ്പ് 2017 വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങളെക്കുറിച്ചും ചികിത്സ സംബന്ധിച്ചും ഭവന നിർമ്മാണം, മറ്റ് ധനസഹായം തുടങ്ങിയ എല്ലാ പദ്ധതികളെക്കുറിച്ചുള്ള സംശയങ്ങളും അന്വേഷണങ്ങളും ദൂരീകരിക്കുന്നതിന് ഈ സംവിധാനത്തിലൂടെ കഴിയുന്നുണ്ട്. ഓരോ പദ്ധതികളിലും കേരള സംസ്ഥാന പ്ലാനിങ് ബോർഡിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പ്ലാൻ സ്പേസ് വഴി ഫണ്ടിന്റെ ഉപയോഗം, കുടിശിക എന്നിവയുടെ വിവരങ്ങൾ ഓഫീസുകൾക്കും ജനങ്ങൾക്കും ലഭ്യമാക്കി സുതാര്യത ഉറപ്പാക്കുന്നു. DBT (Direct Benefit Transfer) വഴി സഹായം നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് എത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ

- അനുബന്ധം

അനുബന്ധം

**SCHEDULED TRIBES DEVELOPMENT DEPARTMENT**

**DETAILS OF PMAAGY- SCHEME - 2023-24**

**Abstract**

| Sl.No | Location | Name of projects | PAC approved the projects | Amount (Rs lakh) | PAC aproved Amount (Rs lakh) | status |
|---|---|---|---|---|---|---|
| 1 | Mlappara village- Idukki District | Drinking water supply, Health sub centre along with social study room and library in Mlappara village | 1.Drinking Water supply | 5.00 | 20.00 | work in progress |
| | | | 2.Health sub centre along with social study room | 15.00 | | |
| 2 | Thirunelli Village, Wayanad | Construction of Model Pre school in Thirunelly village | 1. Electrification | 0.80 | 20.00 | |
| | | | 2. Wall art | 1.00 | | |
| | | | 3. Compound wall | 0.50 | | |
| | | | 4. Building construction | 17.70 | | |
| 3 | Noolpuzha Village, Wayanad | Road renovation of RGMRS Noolpuzha and installation of name Board | Road Renovation | 20.00 | 20.00 | completed |
| 4 | Padavayal Village, Palakkad | Community Hall and Electrical fencing in Padavayal village, Palakkad | Community hall | 20.00 | 20.00 | |
| 5 | Pudur Village, Palakkad, | Community Hall in Puthur village, Palakkae | Community hall | 20.00 | 20.00 | work in progress |
| 6 | Sholayoor Village, Palakkad | Community Hall in Sholayoor village | Community hall | 20.00 | 20.00 | |
| **Total** | | | | **120.00** | **120.00** | |

സെക്ഷൻ ഓഫീസർ